## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2044 — 19.06.2012-ലെ മറുപടിയ്ക്ക്

### നന്മ സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, ഷാഫി പറമ്പിൽ<br>,, എം. പി. വിൻസെന്റ്<br>,, പി. എ. മാധവൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) നന്മ സ്റ്റോറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഈ സ്റ്റോറുകൾ പ്രവർത്തിക്കുന്നത് ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി താഴെപറയുന്ന പത്തിനം അവശ്യനിത്യോപയോഗ സാധനങ്ങൾ ശരാശരി കമ്പോള വിലയിൽ നിന്നും 20% വിലകുറച്ച് ഉപഭോക്താക്കൾക്ക് വർഷം മുഴുവനും ലഭ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ള സഹകരണ വിപണന കേന്ദ്രങ്ങളാണ് നന്മ സ്റ്റോറുകൾ.<br>1. ജയ അരി<br>2. കുറുവ അറി<br>3. മട്ട അരി (ത്രിവേണി നാടൻ കുത്തരി ഉൾപ്പെടെ)<br>4. പച്ചരി<br>5. പഞ്ചസാര<br>6. ത്രിവേണി വെളിച്ചെണ്ണ/മറ്റിനം വെളിച്ചെണ്ണ<br>7. മുളക്/പിരിയൻ മുളക്<br>8. ചെറുപയർ<br>9. ഉഴുന്നു ബാൾ<br>10. മല്ലി<br>ഇവ കൂടാതെ കോസ്മെറ്റിക്സ്, സ്റ്റേഷനറി ഇനങ്ങൾ ഉൾപ്പെടെ 350 ഓളം മറ്റ് നിത്യോപയോഗ സാധനങ്ങളും നന്മ സ്റ്റോറുകളിൽ കൂടി വിൽപ്പന നടത്തുന്നുണ്ട്. നീതി സ്റ്റോറുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ |

സംഘങ്ങൾ എന്നിവയുടെ വിതരണ കേന്ദ്രങ്ങൾക്ക് ഈ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലം സൗജന്യമായി അനുവദിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനം മുഴുവനും ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ